08-10-2022

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer’s Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S.**     **Editor : Dr. Saritha Vijayan K.**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-08/10/2022.

1. കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ പ്ലാന്റ് ജീനോം സേവിയേഴ്സ് കമ്മ്യൂണിറ്റി ദേശീയ അവാർഡ് നേടിയ കടമക്കുടി വാരാപ്പുഴ ജൈവ പൊക്കാളി ഐ സി എസ്-ന്റെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, ആത്മ എന്നിവയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പൊക്കാളി കൊയ്ത്തുത്സവവും അവാർഡ് ദാനവും ഒക്ടോബർ പത്തിന് കടമക്കുടി സെന്റ് അഗസ്റ്റിൻസ് പാരിഷ് ഹാളിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും.

2. കാർഷികമേഖലയിൽ ചെലവു കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിളസംസ്കരണ, മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 60% വരെയും കർഷകരുടെ കൂട്ടായ്മകൾ, FPO കൾ,പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെന്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 8 ലക്ഷം രൂപ സാമ്പത്തിക സഹായവും അനുവദിക്കുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2022-2023 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ **സെപ്റ്റംബർ 30** (30.09.2022) മുതൽ നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡയറക്ടറേറ്റിലെ **0471–2306748, 9497003097, 8943485023, 9895440373, 9567992358** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

3. കേന്ദ്രസർക്കാർ അംഗീകരിച്ച തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കുന്ന വ്യക്തികൾക്കും, ഏറ്റവും നല്ല എ ഐ ടെക്നീഷ്യനും, ഡയറി കോപ്പറേറ്റീവ്/മിൽക്ക് പ്രൊഡ്യൂസർ കമ്പനി /ഡയറി ഫാർമർ ഓർഗനൈസേഷൻ എന്നീ വിഭാഗങ്ങൾക്കും ദേശീയ ഗോപാൽ രത്ന പുരസ്കാരം 2022 ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാനുള്ള തീയതി ഒക്ടോബർ 10 ആയി ദീർഘിപ്പിച്ചിരിക്കുന്നു.

4. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ നിന്നും **ആനക്കൊമ്പൻ** വെണ്ടവിത്ത് വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2743930** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

5. വെള്ളാനിക്കര ഹൈടെക് ഹോർട്ടികൾച്ചർ കൃത്യതാ കൃഷി കേന്ദ്രത്തിൽ ഈ മാസം 17-ന് (ഒക്ടോബർ 17) **ഹൈടെക് പച്ചക്കറി തൈ ഉൽപ്പാദനവും പച്ചക്കറിവിളകളിലെ ഗ്രാഫ്റ്റിംഗും** എന്ന വിഷയത്തിൽ ഒരു ദിവസത്തെ പ്രവൃത്തി പരിചയ പരിശീലനം നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ. രജിസ്റ്റർ ചെയ്യുന്ന ആദ്യ 25 പേർക്കാണ് അവസരം. കൂടുതല വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി **0487 2371104** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന സംസ്ഥാന തീറ്റപ്പുൽ കൃഷി പരിശീലന കേന്ദ്രത്തിൽ യുവ സംരംഭകർക്ക് വാണിജ്യ അടിസ്ഥാനത്തിൽ **തീറ്റപ്പുൽ കൃഷിയും വിപണനവും** എന്ന വിഷയത്തിൽ പ്രായോഗിക പരിശീലനവും പരിശീലനാർത്ഥികൾക്ക് തീറ്റപ്പുൽ വിപണി കണ്ടെത്തി വരുമാനം നേടാനുള്ള സഹായവും, അതോടൊപ്പം ക്ഷീര വികസന വകുപ്പിന്റെ വിവിധ ധനസഹായ പദ്ധതികളും പരിചയപ്പെടുത്തുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **ഒക്ടോബർ 10** വൈകുന്നേരം 5 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ **9400831831, 0471–2501706** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ ഒക്ടോബർ 11, 12 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

8. കശുമാവ് തളിരിട്ട് തുടങ്ങുന്ന സമയമാണിപ്പോൾ. ഈ സമയത്താണ് തേയിലക്കൊതുകിന്റെ ഉപ ദ്രവം ആരംഭിക്കുന്നത്. ആന്ത്രാക്നോസ് എന്ന രോഗം കൂടി ബാധിച്ചാൽ ഇളം തണ്ടുകളും തളിരിലകളും, പൂങ്കുലയും കരിഞ്ഞ് പോകുന്നതായി കാണാം. ഈ കുമിളിന്റെ വിത്തുകൾ തണ്ടിൽ പ്രവേശിച്ചു കഴി ഞ്ഞാൽ ആ ഭാഗത്ത് കടും തവിട്ടു നിറത്തിൽ പാടുകൾ ഉണ്ടാകും. ഈ പാടിൽ നിന്നും ഒരു ദ്രാവകം ഒലിച്ചിറങ്ങുന്നു. പിന്നീടത് ഉണങ്ങി തിളങ്ങുന്ന കട്ടയാകുന്നു. ക്രമേണ തണ്ട് ഉണങ്ങും. കശുമാവ് തളിരിടുന്ന സെപ്തംബർ - ഒക്ടോബർ മാസങ്ങളിൽ തേയിലക്കൊതുകിനെ നിയന്ത്രിക്കുന്നതിന് വേപ്പെണ്ണ മിശ്രിതം തളിക്കുക. ആന്ത്രാക്നോസ് രോഗം നിയന്ത്രിക്കാൻ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കേണ്ടതാണ്.